## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4185 — 12.11.2019 ൽ മറുപടിക്ക്

### വ്യവസായ മേഖലയിൽ വൻകിട നിക്ഷേപം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി.ജെ. വിനോദ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. ഷാഫി പറമ്പിൽ :** | | **ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | പുതിയ വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഇതിനകം സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; | (എ) | പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വിവിധക്ലിയറൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിനും ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം ഫലപ്രദമായി മുന്നോട്ടുപോവുകയാണ്. ടി സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ ധാരാളം സംരംഭകർ രജിസ്റ്റർ ചെയ്യുകയും 324 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 144 ക്ലിയറൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നല്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വൻകിട നിക്ഷേപങ്ങൾക്ക് പശ്ചാത്തലം ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും അവയിലേക്ക് വലിയ കമ്പനികളെ ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ടോ; | (ബി) | വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ്/ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി പാലക്കാട് ജില്ലയിൽ വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ |

| | | | |
|---|---|---|---|
| | | | കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ ലൈഫ് സയൻസസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്.<br>കൂടാതെ കിൻഫ്ര താഴെപ്പറയുന്ന വ്യവസായ പാർക്കുകളിൽ വൻകിട നിക്ഷേപങ്ങൾക്ക് പശ്ചാത്തലമൊരുക്കി വരുന്നു.<br>• പെട്രോകെമിക്കൽ പാർക്ക്<br>• ഡിഫൻസ് പാർക്ക്<br>• മെഗാഫുഡ് പാർക്ക് |
| **(സി)** | ഉണ്ടെങ്കിൽ ഏതൊക്കെ വൻകിട കമ്പനികളാണ് ഇതിനകം മുതൽ മുടക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിലൂടെ എത്ര പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ? | **(സി)** | നിലവിൽ കെ.എസ്.ഐ.ഡി.സി വ്യവസായ പാർക്കുകളിൽ ഏകദേശം 9 കമ്പനികളോളം മുതൽ മുടക്കിയിട്ടുണ്ട്. ഈ കമ്പനികളിൽ 2250 ഓളം തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു. BPCL മുതൽമുടക്ക് നടത്താൻ താല്പര്യം കാണിച്ചിട്ടുള്ള പെട്രോകെമിക്കൽ പാർക്ക് പദ്ധതി പൂർത്തിയാക്കുമ്പോൾ ഏകദേശം പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് കിൻഫ്ര വിലയിരുത്തുന്നത്. |

**സെക്ഷൻ ഓഫീസർ**